ക്രമപ്രശ്നം

ബില്ലിലെ അപാകത

ശ്രീ. ഇ. പി. ജയരാജൻ: സർ, 1963-ലെ ഭൂപരിഷ്കരണ നിയമത്തിലെ അടിസ്ഥാന തത്വങ്ങൾക്കെതിരായിട്ടാണ് ഇപ്പോൾ അവതരിപ്പിക്കുന്ന ഈ ഭൂപരിഷ്കരണ ഭേദഗതി നിയമം. അതുകൊണ്ട് ഇതിന് അവതരണാനുമതി നൽകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 1963-ലെ ഭൂപരിഷ്കരണ നിയമത്തിൽ ഭൂപരിധി നിശ്ചയിക്കപ്പെടുകയും മിച്ചഭൂമി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. 1963 മുതൽ 2005 വരെയുള്ള കാലയളവിൽ ഗവൺമെന്റിന്റെ നിക്ഷിപ്ത ഭൂമിയാണ് മിച്ചഭൂമിയായി കണക്കാക്കപ്പെട്ടിട്ടുള്ളത്. ഭൂരഹിതരായ ആളുകൾക്ക് അർഹതപ്പെട്ട ഭൂമിയാണത്. ഭൂരഹിത കേരളം സൃഷ്ടിക്കപ്പെടാൻ ആ ഭൂമി ഏറ്റെടുക്കുകയാണ് വേണ്ടത്. 2005-ലാണ് നിയമം പാസാക്കിയതെങ്കിലും ഇന്ത്യൻ യൂണിയൻ പ്രസിഡന്റിന്റെ അനുമതി ലഭിക്കുന്നത് 2006 ഒക്ടോബറിലാണ്. ഈ കാലപരിധിയ്ക്കുള്ളിൽ, ഈ മിച്ചഭൂമി ഗവൺമെന്റിൽ നിക്ഷിപ്തമാണ്. ആ മിച്ചഭൂമി കേരളത്തിൽ വൻ തോതിൽ തിരിമറി നടത്തി കച്ചവടം നടത്തിയിട്ടുണ്ട്. അങ്ങനെ കച്ചവടം നടത്തിയ ഭൂമിക്ക് മുഴുവൻ പൂർവ്വകാല പ്രാബല്യത്തോടുകൂടി നിയമപരമായി സംരക്ഷണം കൊടുക്കുക, അത് മിച്ച ഭൂമി ഇല്ലാതാക്കുകയാണ്. ഇതിന്റെ ഭാഗമായി 2012-ൽ ഈ സഭ പാസാക്കിയ പ്ലാന്റേഷൻ ആക്ടിൽ വരുത്തിയ ഭേദഗതിയിൽ 5 ശതമാനം ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാം. ഇപ്പോൾ അതിന്റെ റൂളിലും മാറ്റം വരുത്തണമെന്ന ചിന്തയിലേയ്ക്ക് നിങ്ങൾ എത്തിയിട്ടുണ്ട്. ഈ കാലഘട്ടങ്ങളിൽ ഈ ഭൂപരിഷ്കരണ നിയമങ്ങളിൽ ശരിയായ നിലപാട് സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രതിപക്ഷത്തിരുന്നുകൊണ്ട്

ശക്തമായി ആവശ്യങ്ങൾ ഉന്നയിച്ചതാണ്. നിങ്ങൾ ഭൂരിപക്ഷം ഉപയോഗിച്ചു കൊണ്ട് അതെല്ലാം തള്ളി കളയുകയാണ് ചെയ്തത്. 2006 വരെയുള്ള കാലയളവിൽ മിച്ച ഭൂമികൾ തിരിമറി നടത്തി, 10 ഏക്കർ വരെയുള്ള ഭൂമികളെല്ലാം തിരിമറി നടത്തുന്നതിന് സംരക്ഷണം കൊടുത്തു. ഇപ്പോൾ ഭൂപരിധി 4 ഏക്കറായി കുറയ്ക്കുന്നുണ്ടെങ്കിലും മിച്ച ഭൂമി മുഴുവൻ തിരിമറി നടത്തിയിരിക്കുകയാണ്, വിൽപ്പന നടത്തിയിരിക്കുകയാണ്. അതുകൊണ്ട് ഒരു കാരണവശാലും 7 (ഇ) വകുപ്പനുസരിച്ച് ഭൂപരിധി നിശ്ചയിച്ച് ഭൂ പരിധി കുറച്ചുകൊണ്ട് വന്ന് മിച്ച ഭൂമി തിരിമറിക്ക് സംരക്ഷണം കൊടുക്കുന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കരുത്. അതുകൊണ്ട് 1963-ലെ ഭൂപരിഷ്ക്കരണ നിയമത്തിലെ തത്വങ്ങളുടെ ലംഘനമാണ് ഇപ്പോൾ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഈ ബിൽ. അതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പിൻവലിച്ചുകൊണ്ട് മിച്ച ഭൂമി സംരക്ഷണത്തിനുള്ള നിലപാട് സ്വീകരിക്കണമെന്നും അത് ഭൂരഹിതർക്ക് കൊടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കണ്ണൂർ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിന്റെ ഭാഗമായ വടക്കേകളത്ത് ഉൾപ്പെടെ നൂറ് കണക്കിന് കൃഷിക്കാർ പ്രതിഫലം നൽകി രേഖപ്രകാരം കൈവശപ്പെടുത്തി വർഷങ്ങളായി അനുഭവം വച്ചുപിടിപ്പിക്കുന്ന ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിക്കുന്നത് സംബന്ധിച്ച ദീർഘസമരങ്ങൾ എല്ലാ രാഷ്ട്രീയ പാർട്ടികളും (എൽ.ഡി.എഫും., യു.ഡി.എഫും.) പങ്കെടുത്ത് സി.പി.ഐ.(എം) നേതാക്കന്മാർ ഭാരവാഹികളായി നിരവധി സമരങ്ങളും കണ്ണൂർ

കളക്ടറേറ്റിലും തലശ്ശേരി ആർ.ഡി. ഓഫീസിലും നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ കൊട്ടിയൂരിലും... ആ സമരങ്ങളിൽ ഉന്നയിക്കുന്ന വിഷയങ്ങളെ അങ്ങ് തള്ളിപ്പറയുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, വടക്കേക്കളത്ത് ഭൂമി അനധികൃതമായി കൈവശം വച്ചു. അനധികൃതമായി ഭൂമി വിൽപ്പന നടത്തിയവരിൽ നിന്നും കാശ് തിരിച്ചെടുത്ത് കൊടുക്കണം. അനധികൃതമായി ഭൂമി കൈവശപ്പെടുത്തിയവർക്ക് സംരക്ഷണം കൊടുക്കാനാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

മി. ചെയർമാൻ: ശ്രീ. ഇ. പി. ജയരാജൻ, ഒരു ബിൽ അവതരിച്ചപ്പോൾ അങ്ങ് അങ്ങയുടെ അഭിപ്രായവും ന്യായമായ ഒബ്ജക്ഷനും പറഞ്ഞു. സ്വാഭാവികമായും വലിയ ചർച്ചയൊന്നും ഉണ്ടാകാറില്ല വേണമെങ്കിൽ അത്യാവശ്യം ചർച്ച, സമ്മതിച്ചു. ഇപ്പോൾ ശ്രീ. എ. കെ. ബാലൻ ഒരു വാക്ക് പറയണമെന്ന് പറഞ്ഞു. ശ്രീ. സണ്ണി ജോസഫ് അങ്ങോട്ടും ഇങ്ങോട്ടും വലിയ ചർച്ചയും വെല്ലുവിളിയൊന്നും വേണ്ട.

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. ഇ.പി. ജയരാജൻ ഇവിടെ സൂചിപ്പിച്ചത് രണ്ടാം വകുപ്പിന്റെ 7 ഇ –യുടെ ഭേദഗതിയാണ്. 3–ാം വകുപ്പിൽ 81–ാം വകുപ്പിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഞാൻ പറയുന്നത്. നിലവിലെ പ്ലാന്റേഷൻ ഭൂമികളെല്ലാം ഇപ്പോൾ ഹോട്ടലുകളും റിസോർട്ടുകളും അനധികൃത ക്വാറികളും ആകുകയാണ്. ഇത് പ്ലാന്റേഷനായി എങ്ങനെയാണ് കിട്ടുന്നത്? ലാന്റ് റിഫോംസിൽനിന്ന്, ഭൂമിയുടെ സീലിംഗിൽനിന്ന് എക്സംപ്ഷൻ കിട്ടുന്നത് പ്ലാന്റേഷനായതുകൊണ്ടാണ്. 5% of the total plantation

land -ൽ റിസോർട്ടുകളും ഹോട്ടലുകളും വന്നു. നിയമം ഇവിടെ പാസ്സാക്കിയതാണ്. ഇപ്പോൾ കരുണ എസ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം അവിടെ ക്വാറികളും വന്നു. പ്ലാന്റേഷൻ ഭൂമി ഇല്ലാതാക്കി റിസോർട്ടുകളുടേയും ഹോട്ടൽ ഉടമകളുടേയും കയ്യിലേയ്ക്ക് വരാൻ പോകുകയാണ്. പരിപൂർണ്ണമായി ആ ക്ലോസ് ഇവിടെ പ്രൊട്ടക്റ്റ് ചെയ്യപ്പെടുന്നതുകൊണ്ട് ശ്രീ. ഇ. പി. ജയരാജൻ ഇവിടെ സൂചിപ്പിച്ചതിന് അനുബന്ധമായി 81-ാം വകുപ്പിന്റെ ഭേദഗതി വരുന്നുവെന്നുള്ളത് മനസ്സിലാക്കി, കേരളത്തിലെ പ്ലാന്റേഷൻ ഭൂമി സംരക്ഷിക്കുന്നതിന് ഉപയുക്തമാകണമെങ്കിൽ ഈ നിയമം ഒരു രൂപത്തിലും ഇവിടെ ഭേദഗതിയോടുകൂടി വരാൻ പാടില്ല.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർപ്രകാശ്): സർ, ശ്രീ. ഇ. പി. ജയരാജൻ ഒരു ഒബ്ജക്ഷൻ ഇവിടെ പറഞ്ഞു. കേരള ഭൂപരിഷ്കരണ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിക്കും 2005 -ലെ കേരള ഭൂപരിഷ്കരണ ഭേദഗതി ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിക്കുമിടയിൽ പ്രതിഫലത്തിന്മേൽ 4 ഹെക്ടർ വരെയുള്ള മിച്ചഭൂമി കൈമാറ്റം ചെയ്ത് കിട്ടിയവരെ കുടിയാന്മാരായി കണക്കാക്കി സീലിംഗ് പരിധിയിൽനിന്ന് ഒഴിവാക്കുവാനാണ് 7-ഇ വകുപ്പുപ്രകാരം ഉദ്ദേശിച്ചിട്ടുള്ളത്. ആയത് ഇതുവരെ നടപ്പാക്കിയിട്ടില്ല. നിയമം പ്രാബല്യത്തിൽ വന്നിട്ടില്ല. മേൽപ്പറഞ്ഞ പരിധി ഇപ്പോൾ 4 ഏക്കർ എന്ന് കുറയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. 4 ഹെക്ടർ എന്നുപറഞ്ഞാൽ 10 ഏക്കറാണ്. അത് 4 ഏക്കറായി കുറച്ചുകൊണ്ട് അതിന് മുൻകാലപ്രാബല്യം നൽകുന്നതിൽ നിയമപരമായി യാതൊരു പ്രശ്നവും ഇതിനകത്തുള്ളതല്ല. എല്ലാ രാഷ്ട്രീയ പാർട്ടികളും ചേർന്ന് ഒരു സമവായത്തിലെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതിൽ നിയമപരമായി യാതൊരു പ്രശ്നവും നിലനിൽക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം തള്ളുകയാണ്.

ശ്രീ. എ.കെ. ബാലൻ: സർ, ഈ ആക്റ്റിലെ 81-ാം വകുപ്പ് 4-ാം ഉപവകുപ്പിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, ശ്രീ. എ. കെ. ബാലൻ 81-ാം വകുപ്പ് 4-ാം ഉപവകുപ്പിന്റെ ഭേദഗതിയെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. ആ കാര്യത്തിൽ നമ്മൾ ഈ സഭയിൽതന്നെ ഒരു സമയവായത്തിൽ എത്തിയതാണെന്ന് അങ്ങേയ്ക്കറിയാം.

മി. സ്പീക്കർ: ശ്രീ. ഇ.പി. ജയരാജൻ അങ്ങ് ഇവിടെ പറഞ്ഞ രണ്ട് ഒബ്ജക്ഷനുകൾ എഴുതി തന്നിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയണമെങ്കിൽ അത് നേരത്തേ എഴുതി കൊടുക്കണം എന്നാൽമാത്രമേ അദ്ദേഹത്തിന് അത് പരിശോധിച്ച് മറുപടി പറയാൻ പറ്റുകയുള്ളൂ.

ശ്രീ. അടൂർ പ്രകാശ്: ശ്രീ. ഇ.പി. ജയരാജൻ തന്നതിൽ 81(4) പറഞ്ഞിട്ടില്ല. പക്ഷേ ശ്രീ. എ.കെ. ബാലൻ അത് ഉന്നയിച്ചതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ എഴുതിത്തന്നതിൽ 7-ഇ ആക്റ്റ് 1963 -ലെ മൂലനിയമത്തിന് എതിരായിട്ടുള്ള കാര്യമാണെന്നാണ് പരാമർശിച്ചിട്ടുള്ളത്. പ്ലാന്റേഷൻ ആക്ടിന്റെ കാര്യം അതിൽ പരാമർശിച്ചിട്ടില്ല എന്നത് ശരിയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ നിയമം നേരത്തേ പാസ്സാക്കിയെങ്കിലും എന്തുകൊണ്ടാണ് ഇത് നടപ്പിലാക്കാൻ കഴിയാത്തതെന്ന് വിശദീകരിക്കാമോ?

ശ്രീ. അടൂർ പ്രകാശ്: കഴിഞ്ഞ അഞ്ചുവർഷക്കാലം അങ്ങയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് ഈ സംസ്ഥാനത്ത് ഭരണം നടത്തിയത്. 2006 –ലാണ് ഇതിന് അസെന്റ് കിട്ടുന്നത്. അതിനുശേഷം റൂൾ ഫ്രെയിം ചെയ്യേണ്ട ചുമതല നേരത്തേ ഭരണം നടത്തിയ ഗവൺമെന്റിന്റേതായിരുന്നു. അത് ഇതുവരേയും നടപ്പാക്കിയിട്ടില്ല. റൂൾ ഇപ്പോഴും ഫ്രെയിം ചെയ്തിട്ടുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങളുടെ ഗവൺമെന്റ് നടപ്പാക്കിയില്ലെങ്കിലും നിങ്ങൾ ഭരണമേറ്റിട്ട് മൂന്നുവർഷമായില്ലേ; എന്തുകൊണ്ട് റൂൾ ഇതുവരെ കൊണ്ടുവന്നില്ല?

ശ്രീ. അടൂർ പ്രകാശ്: അക്കാര്യങ്ങൾ നടപ്പിലാക്കാനാണ് ഞങ്ങൾ ഇത് കൊണ്ടുവരുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങൾ റൂളല്ല, പുതിയ ഭേദഗതിയായിട്ടാണ് കൊണ്ടുവരുന്നത്.

ശ്രീ. അടൂർ പ്രകാശ്: അതിനകത്തുള്ള ഭേദഗതിയാണ് ഇത്. 2005 ൽ വന്ന ഭേദഗതിക്കകത്ത് പറഞ്ഞിട്ടുള്ളത് 4 ഹെക്ടർ വരെയുള്ള ഭൂമി കൊടുക്കുന്നുവെന്നതാണ്. അത് മാറ്റി 4 ഏക്കർ വരെയാക്കി.

ശ്രീ. ഇ. പി. ജയരാജൻ: ആ ഭേദഗതിക്ക് എതിരായിരുന്നുവെന്ന് ഞങ്ങൾ അന്ന് സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിനുശേഷവും ആ നിലപാട് തന്നെ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റ് അതിന്റെ പരിധി കുറച്ചു കൊണ്ടുവരുന്നുവെന്ന് പറയുന്നു. ഇതിനകത്തുള്ള തിരിമറി മുഴുവൻ നടന്നു

കഴിഞ്ഞു. ഇത് നിയമമായി പരിഗണിക്കപ്പെടുമ്പോൾ ജനങ്ങളുടെ മുമ്പിൽ ഇത് കുറയ്ക്കുകയാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ട്ടാണ് ഇത്തരമൊരു ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്.

മി. സ്പീക്കർ: നമ്മൾ അത്തരം സ്റ്റേറ്റ്മെന്റിലേയ്ക്ക് പോകുന്നില്ല. ... ഇത്രയും മതി ധാരാളം... മന്ത്രി പറയാനുള്ളത് പറഞ്ഞു. ഗൺപോയിന്റിൽ നിർത്തി മന്ത്രിയെ മറുപടി പറയിക്കുക സാദ്ധ്യമല്ല. ഒരു ഒബ്ജക്ഷനുള്ളത് ശ്രീ. ഇ. പി. ജയരാജൻ ഇവിടെ അവതരിപ്പിച്ചു. സഭ അത് കേട്ടു.

ശ്രീ. സി. ദിവാകരൻ: സർ, ഗവൺമെന്റ്  ഈ ബില്ലിന്റെ ഭേദഗതിക്ക് ഞങ്ങൾക്ക് സർക്കുലേറ്റ് ചെയ്തിരിക്കുന്നതിൽ ഇത് നടപ്പിലാക്കാൻ കഴിയുന്നില്ലായെന്ന് ഗവൺമെന്റിന്റെ ക്ലിയർ സബ്മിഷനുണ്ട്. .......ഹോട്ടലുകളോ റിസോർട്ടുകളോ മറ്റ് വിനോദസഞ്ചാര പദ്ധതികളോ സ്ഥാപിക്കുന്നതിനും അതുമായി അനുബന്ധമായിട്ടുള്ളതോ ബന്ധപ്പെട്ടതോ ആയ ആവശ്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത ഇളവ് പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം, വനസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ടുള്ള രൂക്ഷമായ പ്രശ്നങ്ങൾക്ക് ഇടയാക്കുകയും തോട്ടങ്ങളെ തോട്ടങ്ങളുമായി ബന്ധപ്പെട്ടതല്ലാത്ത പ്രവർത്തനങ്ങൾക്കായി വൻതോതിൽ പരിവർത്തനപ്പെടുത്തുന്നതിന് കാരണമാവുകയും ചെയ്തു. ഇതാണ് ശ്രീ. മാണിസാറിന്റെ ധനബഡ്ജറ്റിൽ അന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്.